# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 439

## 03.03.2020 - ലെ മറുപടിയ്ക്ക്

ട്രഷറികളുടെ ആധുനികവൽക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കുമോ; | സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.<br>ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്റ്റിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ- ൽ നിന്നും RailTel ൽ നിന്നും രണ്ടു ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.<br>കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ് ടോയിലറ്റ് നിർമ്മാണം, ടോയിലറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS- |

| | | | |
|---|---|---|---|
| | | | സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടൻറ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS -ന്റെ ലക്ഷ്യമാണ്.<br>റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിങ്, ട്രഷറി അക്കൗണ്ടുടമകൾക്ക് "Kerala TSB" എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് "Kerala Pension" എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി |

| | | |
|---|---|---|
| | | e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധന ഇടപാടുകൾ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലും ട്രഷറി വകുപ്പിലും ഇപ്പോൾ എല്ലാ HR Claim, PF ബില്ലുകളും ഓൺലൈനായി സമർപ്പിക്കുകയും ഓൺലൈൻ ആയി തന്നെ പണം അക്കൗണ്ടുകളിൽ എത്തുകയും ചെയ്യുന്നു. |
| (ബി) | ട്രഷറികളിൽ എ.ടി.എം. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി സഹകരിച്ച് കോ-ബ്രാൻഡഡ് ഡെബിറ്റ് കാർഡ് നൽകുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പെൻഷൻകാരുൾപ്പെടെയുള്ള ട്രഷറി ഇടപാടുകാർക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിന് ട്രഷറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | ക്യാഷ് കൗണ്ടറുകളിൽ കൂടിയല്ലാതെ അക്കൗണ്ടുകളിൽ നിന്നും 50,000/- രൂപ വരെ താമസംവിനാ പിൻവലിക്കുന്നതിന് ടെല്ലർ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. അക്കൗണ്ട് ഉടമകൾക്ക് പാസ് ബുക്ക്, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പെൻഷൻകാർക്ക് നേരിട്ട് ട്രഷറികളിൽ ഹാജരാകാതെ തന്നെ ഓൺലൈനായി മസ്റ്ററിങ്ങിനുള്ള സംവിധാനം (ജീവൻ പ്രമാൺ) ഏർപ്പെടുത്തിയിട്ടുണ്ട്. ഇടപാടുകാർക്ക് കേരളത്തിലെ ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനും, ഓൺലൈനായി ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള മറ്റ് അക്കൗണ്ടുകളിലേയ്ക്ക് പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ട്. സംസ്ഥാനത്തെ മുഴുവൻ പെൻഷൻകാരുടെയും വിവരങ്ങൾ അടങ്ങിയ പെൻഷൻ പോർട്ടൽ വഴി പെൻഷൻ പാസ് ബുക്കുകൾ കാണാനും പെൻഷൻ സംബന്ധമായ പരാതികൾ മെയിൽ മുഖാന്തരം സമർപ്പിക്കാനുള്ള സൗകര്യവുമുണ്ട്. പ്രസ്തുത പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിന് ട്രഷറി ഡയറക്ടറേറ്റിൽ ഒരു സെൽ (PIMS) പ്രവർത്തിക്കുന്നുണ്ട്. ഇ-ട്രഷറി സംവിധാനം വഴി 24 മണിക്കൂറും |

| | | |
|---|---|---|
| | | സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും ട്രഷറികളിൽ നേരിട്ട് ഹാജരാകാതെ തന്നെ അടയ്ക്കുവാനുള്ള സൗകര്യം ഇപ്പോൾ ഇടപാടുകാർക്ക് ലഭ്യമാണ്. ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയതിനെ തുടർന്നുണ്ടാകുന്ന പരാതികൾക്ക് പരിഹാരം കാണുവാനായി ടോൾഫ്രീ നമ്പർ (1800 425 5176) സഹിതമുള്ള ഒരു സെൽ ട്രഷറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ട്രഷറികളെ മാതൃകാ ധനകാര്യ സ്ഥാപനമാക്കി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | സംസ്ഥാനത്തെ ട്രഷറികളെ മാതൃകാ ധനകാര്യ സ്ഥാപനമാക്കി മാറ്റി, ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്, (1) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, (2)ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം (3) ജീവനക്കാരുടെ കാര്യശേഷി വികസനം തുടങ്ങിയ മേഖലകളിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ട്രഷറി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |

Manju. C

**സെക്ഷൻ ഓഫീസർ**